ഉത്തരം

(എ ആന്റ് ഡി) മലപ്പുറം ജില്ലയിലെ പുലാമന്തോൾ പഞ്ചായത്തിൽ ചെമ്മലശ്ശേരിയിൽ സഹകരണ വിഭാഗത്തിൽ ഒരു മിനി വ്യവസായ എസ്റ്റേറ്റും മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ കേരളാ വികസന പദ്ധതി പ്രകാരം പോരൂർ വില്ലേജിൽ 5 ഹെക്ടർ സ്ഥലത്ത് പട്ടികജാതി വനിതകൾക്കു മിനി എസ്റ്റേറ്റും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. കിൻഫ്രയുടെ അധീനതയിൽ കാക്കഞ്ചേരി പാർക്കിൽ പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ സംരംഭകർ തയ്യാറായിട്ടുണ്ട്. പാണക്കാട് വില്ലേജിൽ മലബാർ സിമെന്റ്സിന് വേണ്ടി സ്ഥലം അനുവദിച്ചിട്ടുണ്ട്.

നദികളിലെ മണൽ വാരൽ കമ്മിറ്റികൾ

20 [2792] ശ്രീ. ടി. എം. ജേക്കബ് :
,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളിൽ നിന്ന് മണൽ വാരുന്നതിനുള്ള പാസ്സ് എന്നു മുതലാണ് മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റ് നൽകാൻ തുടങ്ങിയത്;

(ബി) ഇതിനുള്ള നടപടിക്രമങ്ങൾ എന്താണ്;

(സി) ഓരോ ജില്ലയിലും നദികളിലെ മണൽ വാരൽ സംബന്ധിച്ച് കളക്ടർ ചെയർമാനായി എന്തെങ്കിലും കമ്മിറ്റികൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങളുടെ പേരുവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഓരോ ജില്ലയിലും 2004, 2005 വർഷത്തിൽ എത്ര പാസ്സുകൾ വീതം നൽകി?

ഉത്തരം

(എ) 1967-ൽ കെ.എം.എം.സി. ചട്ടങ്ങൾ നിലവിൽ വന്ന ശേഷമാണ് മണൽ വാരുന്നതിനുള്ള പെർമിറ്റും കൊണ്ടുപോകുന്നതിനുള്ള പാസ്സും ജിയോളജി ഡിപ്പാർട്ടുമെന്റ് നൽകിത്തുടങ്ങിയത്.

(ബി) 2001-ലെ മണ്ണ് നിയമം വന്നശേഷം കളക്ടറുടെ കീഴിൽ ജില്ലാ വിദഗ്ധ സമിതി നിശ്ചയിക്കുന്ന കടവുകളിൽ പഞ്ചായത്ത് നേരിട്ട് മണൽ വാരി കൊണ്ടുപോകുന്നതിനുള്ള പാസ്സ് പഞ്ചായത്തും തഹസിൽദാരും, ജില്ലാ ജിയോളജിസ്റ്റും സാക്ഷ്യപ്പെടുത്തി കൊടുക്കുമായിരുന്നു. എന്നാൽ 2003 ഒക്ടോബർ മാസം നിലവിൽ വന്ന വിജ്ഞാപന പ്രകാരം മണൽ ലേലം ചെയ്യുമ്പോൾ പ്രസ്തുത പ്രദേശത്തെ



LIBRARY ARCHIVES Kerala Legislative Assembly